(എ) സംസ്ഥാനത്ത് പ്ലസ്ടു വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ ഇതുവരെ ലഭ്യമായിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അദ്ധ്യയനവർഷം ആരംഭിച്ച് രണ്ടുമാസത്തോളമായിട്ടും പാഠപുസ്തകങ്ങൾ വിതരണത്തിനുള്ള തടസ്സം എന്താണെന്ന് വെളിപ്പെടുത്താമോ;

(സി) പാഠപുസ്തകങ്ങൾ പൂർണ്ണമായും എപ്പോൾ വിതരണം ചെയ്തു തീർക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഒന്നാം ടേം പരീക്ഷക്കു മുമ്പുതന്നെ പാഠപുസ്തകങ്ങൾ പൂർണ്ണമായും വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) പ്ലസ്ടു വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ ലഭ്യമായിട്ടില്ല എന്ന വസ്തുത ശരിയല്ല.

(ബി) കഴിഞ്ഞ വർഷം തയ്യാറാക്കിയതും മാറ്റമില്ലാതെ തുടരുന്നതുമായ പുസ്തകങ്ങളുടെ ലഭ്യത സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. ഇത്തരം പുസ്തകങ്ങൾ റീപ്രിന്റ് നടത്തി യൂണിവേഴ്സിറ്റി സഹകരണ സ്റ്റോറുകൾവഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പുസ്തകങ്ങൾ റീപ്രിന്റ് ചെയ്യുന്നതിനുള്ള ചുമതല എറണാകുളത്തെ കെ.ബി.പി.എസ്.-നെയാണ് ഏൽപ്പിച്ചിട്ടുള്ളത്.

(സി) ആഗസ്റ്റ് മാസത്തോടെ വിതരണം പൂർത്തിയാക്കാൻ സാധിക്കും.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

ഹയർ സെക്കണ്ടറി ബാച്ചിന്റെ അഡീഷണൽ പോസ്റ്റിൽ നിയമിതരായ അദ്ധ്യാപകർ

61 [3044] *ശ്രീ. സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-ൽ അനുവദിച്ച ഹയർ സെക്കണ്ടറി ബാച്ചിന്റെ 2002-ൽ വന്ന അഡീഷണൽ പോസ്റ്റിൽ നിയമിതരായ അദ്ധ്യാപകർക്ക് പോസ്റ്റ് ഫിക്സേഷൻ നടത്തുകയോ ശമ്പളം നൽകുകയോ ചെയ്തിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൂന്നുവർഷമായി പരീക്ഷാമൂല്യനിർണ്ണയമുൾപ്പെടെയുള്ള ജോലി ഇവർ നിർവഹിച്ചുവരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവരുടെ ഫിക്സേഷൻ നടത്തി ശമ്പളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഇവർക്ക് ശമ്പളവും ആനുകൂല്യങ്ങളും എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) & (ഡി) എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ 2002-2003 അദ്ധ്യയനവർഷം മുതൽ ആവശ്യമായിവന്ന ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തിനാൽ ഈ കാലഘട്ടത്തിൽ നിയമനം ലഭിച്ച അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകിയിട്ടില്ല. പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നകാര്യം പരിഗണനയിലാണ്. തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതാണ്.

സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകൾ

62 [3045] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസത്തിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ സർക്കാർ മേഖലയിൽ എത്ര സ്കൂളുകൾ ഉണ്ടായിരുന്നുവെന്നും എയ്ഡഡ് മേഖലയിൽ എത്ര സ്കൂളുകൾ ഉണ്ടായിരുന്നുവെന്നും വെളിപ്പെടുത്താമോ;

(ബി) 2005 ജൂൺ 30 വരെയുള്ള കണക്ക് പ്രകാരം സർക്കാർ മേഖലയിൽ എത്ര ഹയർ സെക്കണ്ടറി സ്കൂളുകളുണ്ടെന്നും എയ്ഡഡ് മേഖലയിൽ എത്ര സ്കൂളുകളുണ്ടെന്നും അറിയിക്കുമോ;

(സി) ഈ കാലയളവിൽ എത്ര സ്വാശ്രയ ഹയർസെക്കണ്ടറി സ്കൂളുകൾ അനുവദിച്ചുവെന്നും എത്ര എയ്ഡഡ് സ്കൂളുകളിൽ സ്വാശ്രയ ഹയർസെക്കണ്ടറി വിഭാഗം അനുവദിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2001 മേയ് മാസത്തിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ സർക്കാർ മേഖലയിൽ 416 സ്കൂളുകളും എയ്ഡഡ് മേഖലയിൽ 508 സ്കൂളുകളും ഉണ്ടായിരുന്നു.

(ബി) 2005 ജൂൺ 30 വരെ സർക്കാർ മേഖലയിൽ 702-ഉം എയ്ഡഡ് മേഖല യിൽ 524-ഉം ഹയർസെക്കണ്ടറി സ്കൂളുകൾ നിലവിലുണ്ട്.

(സി) 2001-ൽ എട്ട് അൺ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ ഉണ്ടാ യിരുന്നു. 2005 ജൂൺ 30 വരെ 343 അൺ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ ഉണ്ട്. ഇവയിൽ 126 എണ്ണം എയ്ഡഡ് സ്കൂളുകളിൽ അൺ എയ്ഡഡ് ഹയർ സെക്കണ്ടറി വിഭാഗം അനുവദിച്ചവയാണ്.

LIBRARY ARCHIVES Kerala Legislative Assembly